പ്രവർത്തിയുടെ ദർഘാസുകൾ 31-1-1996-ൽ വിളിക്കുകയും ഫെബ്രുവരി 28-ന് കരാറുകാരനോട് പണി തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തു. രണ്ട് പമ്പ് സെറ്റ് ഉപയോഗിച്ച് കനാലിലേക്ക് 7-3-1996 മുതൽ വെള്ളം പമ്പ് ചെയ്യാൻ തുടങ്ങി. അഞ്ചരക്കണ്ടി പുഴയിൽ 11-3-1996-ന് വെള്ളം എത്തിത്തുടങ്ങി. 12-3-1996 മുതൽ ജലവിതരണം പുനഃസ്ഥാപിച്ചു. പക്ഷെ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ്കൊണ്ട് പിന്നെയും ശുദ്ധജല വിതരണത്തിന് തടസ്സമുണ്ടായിട്ടുണ്ട്. പഴശ്ശി പ്രോജക്ടിലെ ഉദ്യോഗസ്ഥൻമാരുമായി ഞാൻ കഴിഞ്ഞ ദിവസം വയനാട്ട് ഒരു പരിപാടിക്ക് പോയപ്പോൾ ചർച്ച നടത്തി. പഴശ്ശിയിൽനിന്നും വെള്ളം മുടങ്ങാതെ അഞ്ചരക്കണ്ടി പുഴയിലേക്ക് എത്തിക്കാനുള്ള നടപടികൾ തുടരണം എന്ന് പറയുകയും അതിനാവശ്യമായ ക്രമീകരണം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും വാട്ടർ സപ്ലൈ ഡിപ്പാർട്ടുമെൻറുംകൂടി സംയുക്തമായി ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(11) തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ശുദ്ധജല ക്ഷാമം

ശ്രീ. കെ. പി. മമ്മു മാസ്റ്റർ : സർ, തലശ്ശേരി മുനിസിപ്പാലിറ്റിയിലും ധർമ്മടം, മാഹി പ്രദേശങ്ങളിലും ശുദ്ധജലവിതരണം ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണ്. അഞ്ചരക്കണ്ടി പുഴ ഇപ്പോൾ പൂർണ്ണമായി വറ്റി വരണ്ടതാണ് അതിന് പ്രധാന കാരണം. സമീപ വർഷങ്ങളിലൊന്നും ഇത്ര രൂക്ഷമായ വരൾച്ച ഇത്ര നേരത്തെ അനുഭവപ്പെട്ടിട്ടില്ല. അഞ്ചരക്കണ്ടി പുഴയിൽനിന്നുമുള്ള വെള്ളം കീഴല്ലൂർ ഡാംസൈറ്റിൽ ശുദ്ധീകരിച്ച് രണ്ട് പൈപ്പ്ലൈനുകൾവഴി കണ്ണൂരിലേക്കും തലശ്ശേരിയിലേക്കും എത്തിക്കുക എന്നതാണ് നിലവിലുള്ള സംവിധാനം. എന്നാൽ ഉപഭോഗം പതിൻമടങ്ങ് വർദ്ധിച്ചതിനാൽ ഈ പദ്ധതി തീർത്തും അപര്യാപ്തമായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് അഞ്ചരക്കണ്ടി പുഴയിലെ വെള്ളം തലശ്ശേരി മാഹി പ്രദേശങ്ങളിൽ മാത്രമായി നൽകാനും കണ്ണൂരിലേക്ക് പഴശ്ശി പ്രോജക്ടിലെ പ്രധാന റിസർവോയർ സ്ഥിതിചെയ്യുന്ന വെളിയമ്പ്രയിൽ നിന്ന് നേരിട്ട് വെള്ളം നൽകാനുമുള്ള പദ്ധതിയുടെ പണി ആരംഭിച്ചുവെങ്കിലും അത് ഇപ്പോൾ നിലച്ചിരിക്കുകയാണ്. സമയബന്ധിതമായി തീർക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവെങ്കിലും 1992-ൽ തീർക്കേണ്ടതാണ്. അത് ഇതുവരെയും തീർത്തിട്ടില്ല. ഈ വിപുലീകരണ പദ്ധതി പൂർത്തീകരിച്ചാൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നം പരിഹൃതമാകും. എന്നാൽ തലശ്ശേരി, മാഹി പ്രദേശങ്ങളിലെ പ്രശ്നം അപ്പോഴും അവശേഷിക്കും. കാരണം അഞ്ചരക്കണ്ടി പദ്ധതിക്ക് കൊല്ലത്തിൽ നാലു മാസം വെള്ളം കിട്ടുകയില്ല. ആ കാലങ്ങളിൽ വെളിയമ്പ്രയിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം വറ്റിവരണ്ട അഞ്ചരക്കണ്ടി പുഴയിലൂടെ കനാൽ കീറി കീഴല്ലൂർ ഡാമിൽ എത്തിക്കണം. അവിടെനിന്നും ശുദ്ധീകരിച്ച് രണ്ടാമത് പമ്പ് ചെയ്തുവേണം തലശ്ശേരിയിൽ വെള്ളമെത്തിക്കാൻ. ഇതു കാരണം ധാരാളം വെള്ളം പാഴാകുന്നു. വോൾട്ടേജ് ക്ഷാമം കാരണം രണ്ടു ഘട്ടം പമ്പിംഗ് പലപ്പോഴും നടക്കാതെപോകുന്നു. ഇപ്പോൾ അവിടത്തെ സ്ഥിതി ഇതാണ്. ആഴ്ചയിൽ ഒരു ദിവസംപോലും വെള്ളം തലശ്ശേരി, കണ്ണൂർ പ്രദേശങ്ങളിൽ ഇപ്പോൾ എത്തുന്നില്ല. തലശ്ശേരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള ഏക മാർഗ്ഗം കണ്ണൂരിലേക്കുള്ളതുപോലെ വെളിയമ്പ്രയിൽനിന്ന് ഒരു ഗ്രാവിറ്റി മെയിൻ

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരിയിലേക്ക് സ്ഥാപിക്കുക എന്നതാണ്. ഇതിനുള്ള തടസ്സം ഫണ്ട് ഇല്ലായ്മയാണെന്ന് പറയുന്നുവെങ്കിലും ആ ഫണ്ട് എങ്ങനെയും കണ്ടെത്തണം. നിലവിലുള്ള അഞ്ചരക്കണ്ടി തലശ്ശേരി പൈപ്പ്ലൈൻ ജി. ഐ. പൈപ്പുകൊണ്ട് റീപ്ലേസ് ചെയ്യുക എന്നൊരു പദ്ധതിയുണ്ട്. അതിലും വലിയ സംഖ്യയൊന്നും ഈ പദ്ധതി പൂർത്തിയാക്കാൻ വേണ്ട. അങ്ങനെ വന്നാൽ തലശ്ശേരിയുടെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയും. നിലവിലുള്ള അഞ്ചരക്കണ്ടി പദ്ധതി പരിഷ്കരിച്ച് സമീപസ്ഥലങ്ങളായ വേങ്ങാട്, പിരളശ്ശേരി, പിണറായി എന്നീ പഞ്ചായത്തുകൾക്കും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിക്കും വെള്ളം കൊടുക്കാൻ ഉപയോഗിക്കുകയും ചെയ്യാം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തിയ രണ്ടു മീറ്റിംഗിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയിലും ഞാൻ ഈ പ്രശ്നം ഉന്നയിച്ചതാണ്. ഫണ്ടില്ല എന്നുള്ള സ്ഥിരം മറുപടിയാണ് കിട്ടിയത്. അടിയന്തിരമായി തലശ്ശേരിയുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഫണ്ട് കണ്ടെത്തി ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മമ്മു മാസ്റ്റർ ഇവിടെ നിർദ്ദേശിച്ചത് ദീർഘ കാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ചില കാര്യങ്ങളെ സംബന്ധിച്ചാണ്. അതിന് അനുകൂലമായിട്ടുള്ള പ്രതികരണമാണ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതിന് സാമ്പത്തിക ലഭ്യത ഒരു പ്രധാന ഘടകമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. അതില്ലാതെ നമുക്ക് ഒരു പ്രോജക്ടും മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല. അതുകൊണ്ടു തന്നെ തലശ്ശേരി, മാഹി തുടങ്ങിയ പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ഒരു സ്കീം ഞങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. അതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രശ്നമെന്ന് പറയുന്നത്, അഞ്ചരക്കണ്ടി പുഴയിലുണ്ടായിരുന്ന വെള്ളം വറ്റി എന്നതാണ്. മറ്റൊരു കാലത്തും ഉണ്ടാകാത്തതുപോലെയുള്ള ഒരു സാഹചര്യമാണ് ഈ വർഷം ആ ഭാഗത്ത് അനുഭവപ്പെട്ടത്. അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അഞ്ചരക്കണ്ടി പുഴയിൽ നിർമ്മിച്ചിട്ടുള്ള കിണറിൽനിന്നും പമ്പുചെയ്യുന്ന വെള്ളം മൈലാടിയിലെ ശുദ്ധീകരണ പ്ലാന്റിൽ ശുദ്ധീകരിച്ചാണ് വിതരണ ശൃംഖലവഴി നൽകിക്കൊണ്ടിരിക്കുന്നത്. ഇത് മൂന്നു ദിവസത്തിലൊരിക്കൽ വിതരണം ചെയ്തു വരികയായിരുന്നു. എന്നാൽ ഒരാഴ്ചയായി ജലസ്രോതസ് വറ്റിത്തുടങ്ങിയതിനാൽ പമ്പിംഗിന് ആവശ്യാനുസൃതമായ ജലം ലഭിക്കുന്നില്ലെന്ന സ്ഥിതി സംജാതമായിട്ടുണ്ട്. മൂന്ന് പമ്പ് പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ഒരു പമ്പു മാത്രമേ പ്രവർത്തിക്കാൻ സാധിക്കുന്നുള്ളു. ഈ സാഹചര്യത്തിൽ പഴശ്ശി റിസർവോയറിൽനിന്നും ജലം പമ്പ് ചെയ്ത് കീഴല്ലൂർ കിണറിനു അടുത്ത് വെള്ളം എത്തിക്കേണ്ടതായിട്ടുണ്ട്. അതിനായി പഴശ്ശി റിസർവോയറിനടുത്ത് പമ്പ് സ്ഥാപിച്ച് പഴശ്ശി കനാൽവഴി വെള്ളം കിണറിനടുത്ത് എത്തിക്കാൻ വേനൽക്കാല പമ്പിംഗ് തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. പമ്പ് ചെയ്യുന്ന വെള്ളം കനാൽവഴി കിണറിനടുത്ത് എത്തിച്ചേരാൻ മൂന്നു ദിവസം വേണ്ടിവരും. ഈ വെള്ളം കിണറിനടുത്ത് തങ്ങിനിൽക്കാൻ ഉതകുന്നവിധം നദിക്കു കുറുകെ ബണ്ട് കെട്ടുന്ന പണി ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള ശ്രമം ഗവൺമെന്റ് നടത്തിയിട്ടുണ്ട്. താൽക്കാലികമായി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന വിവരം.

LIBRARY ARCHIVES Kerala Legislative Assembly